പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *6 06.01.2014 ൽ മറുപടിക്ക്

## ആറന്മുള വിമാനത്താവളനിർമ്മാണത്തിന് പരിസ്ഥിതി അനുമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജി. സുധാകരൻ:<br>ശ്രീ. എം. എ. ബേബി:<br>ശ്രീ. കെ. സുരേഷ് കുറുപ്പ്:<br>ശ്രീമതി. പി. അയിഷാ പോറ്റി: | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ആറന്മുള വിമാനത്താവള നിർമ്മാതാക്കൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെ തെറ്റിദ്ധരിപ്പിച്ചും, നിർണ്ണായകവിവരങ്ങൾ മറച്ചു വെച്ചും പരിസ്ഥിതി അനുമതി വാങ്ങിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: | (എ) | മാദ്ധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കെ.ജി.എസ്. ഗ്രൂപ്പ്, കേന്ദ്ര വനം- പരിസ്ഥിതി മന്ത്രാലയത്തിനു സമർപ്പിച്ച സാദ്ധ്യതാപഠന റിപ്പോർട്ട് വാസ്തവ വിരുദ്ധമാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; സംസ്ഥാനത്തെ ഏതെങ്കിലും ഏജൻസി പ്രസ്തുത റിപ്പോർട്ട് കണ്ടിട്ടുണ്ടോ; | (ബി) | കെ.ജി.എസ് ഗ്രൂപ്പ് കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയത്തിനു സമർപ്പിച്ച പാരിസ്ഥിതിക ആഘാത പഠന റിപ്പോർട്ട്, കേന്ദ്ര മന്ത്രാലയം അംഗീകരിച്ച ഒരു ഏജൻസിയാണ് തയ്യാറാക്കി സമർപ്പിച്ചത്. കേന്ദ്ര മന്ത്രാലയം നിയോഗിച്ചിട്ടുള്ള വിദഗ്ദ്ധ വിലയിരുത്തൽ സമിതി (EAC) നിശ്ചയിച്ച ടേംസ് ഓഫ് റഫറൻസ് പ്രകാരമാണ് പഠനറിപ്പോർട്ട് തയ്യാറാക്കിയത്. ഈ റിപ്പോർട്ട് സംസ്ഥാന സർക്കാരിനു സമർപ്പിക്കാനുള്ളതല്ല. അതുകൊണ്ട് തന്നെ റിപ്പോർട്ടിനെതിരെ ആക്ഷേപമുണ്ടെങ്കിൽ അത് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയമാണ് പരിശോധിക്കേണ്ടത്. |
| (സി) | പഠന റിപ്പോർട്ട് വഴി കമ്പനി അവകാശപ്പെട്ട കാര്യങ്ങൾ വസ്തുതാപരമാണോ എന്ന കാര്യം പരിശോധിക്കപ്പെട്ടിട്ടുണ്ടോ; നിജസ്ഥിതി പരിശോധിക്കാതെയാണ് പരിസ്ഥിതി മന്ത്രാലയം വിമാനത്താവളത്തിന് അനുമതി നൽകിയതെന്ന | (സി) | റിപ്പോർട്ടിന്മേൽ പരിശോധനകൾ നടത്തേണ്ടത് വിദഗ്ദ്ധ വിലയിരുത്തൽ സമിതി (EAC) യും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയവുമാണ്. പദ്ധതിക്കെതിരായി ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ യഥാവിധി |

| | | | |
|---|---|---|---|
| | ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇപ്പോൾ പുറത്തുവന്നിട്ടുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ശ്രദ്ധ ക്ഷണിക്കാൻ തയ്യാറാകുമോ? | | പരിശോധിച്ചാണ് കേന്ദ്ര സർക്കാർ അനുമതി നൽകിയതെന്ന് അനുമതി ഉത്തരവിൽ നിന്ന് വെളിപ്പെടുന്നുണ്ട്. പ്രസ്തുത അനുമതി പുനഃപരിശോധിക്കാനുതകുന്ന വസ്തുതകളോ, തെളിവുകളോ സംസ്ഥാന പരിസ്ഥിതി വകുപ്പിൽ സമർപ്പിക്കപ്പെട്ടിട്ടില്ല. പാരിസ്ഥിതിക അനുമതി തെറ്റായ വസ്തുകളുടെ അടിസ്ഥാനത്തിലാണ് നേടിയതെങ്കിൽ കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയത്തെ ബോദ്ധ്യപ്പെടുത്തിയാൽ, അനുമതി റദ്ദാക്കാൻ സാധിക്കുന്നതാണ്. അനുമതിക്കെതിരായി ദേശീയ ഹരിത ട്രൈബ്യൂണലിൽ നിയമാനുസൃത അപ്പീലിനും അവസരമുണ്ട്. ആക്ഷേപമുള്ളവർക്ക്, സാദ്ധ്യമായ നിയമാനുസൃത നടപടികൾ സ്വീകരിക്കാവുന്നതേയുള്ളൂ. |

സെക്ഷൻ ഓഫീസർ